# മുകുളം

## ഡിജിറ്റൽ മാസിക



## ഗവ.വി.എച്ച്.എസ്.എസ് ആര്യാട്

### ആലപ്പുഴ




ജി.എച്ച്.എസ് ആര്യാട്, ആലപ്പുഴ

## ചീഫ് എഡിറ്റർ



1

മേരിമ്മ തോമസ്സ് (ഹെഡ്മിസ്സ്ട്രസ്സ്)

ഒരു ലിറ്റിൽകൈറ്റ്സ് സംരംഭം



# മുകുളം

ഡിജിറ്റൽ മാഗസിൻ

ഗവ.ഹൈസ്കൂൾ ആര്യാട്, ആലപ്പുഴ

കായലിനരികെ
ഈ അക്ഷരോദ്യാനം
പിറവിയെടുക്കുന്നു.
125 വർഷങ്ങൾക്ക് മുമ്പ്
ഒട്ടേറെപ്പേരുടെ മനസ്സും
ചിന്തയും ആരോഗ്യവും
സമ്പത്തും
സംഗമിച്ചപ്പോൾ
കാലത്തിൻറെ
പ്രയാണത്തിനടിയിൽ
മാറ്റങ്ങൾ ഏറെവന്നു.
സൗര്യങ്ങൽ പുരോഗമിച്ചു.
അറിവും അറിവിൻറ  സാധ്യതകളും
കൂടെ ആര്യാട് ഗവ. ഹൈസ്കൂളും



അബ്ദുറഹിം സി.റ്റി
കൈറ്റ് മാസ്റ്റർ

# കൊയ്ത്തുത്സവം

കൊയ്ത്തുകാലമായല്ലോ ഇന്നീ

നെല്ല് പാട്ട പാട്ടുത്സവങ്ങൾ

അടക്കുന്ന ആഘോഷതിമിർപ്പ്  ഉയർത്തിയാലും

കൊയുക വിതയ്ക്കുക കർഷകർക്കൊരു

അവേശമായ്

കർഷകരുടെ അന്നന്നേന്നപ്പം

ജിവന്റെ  ഉറവിടം.

നെല്ല് വിതയ്ക്കുന്ന നേരത്ത്,

സ്ത്രീകൾ തെയ്യാരം തെയ്യാരം

പാടുന്നു.

ജീവിത സമ്പത്തായ നെല്ലുകൾ

തെയ്യാരം തെയ്യാരം കളിക്കുന്നു

ഉത്സവം വരാറായി,ആഹ്ലാദം

വർദ്ധിക്കുന്നു,നെല്ലും ചോളവും

കൊയ്യാൻ തുടങ്ങി,കൊയ്ത്തിന്റെ ആരവം

കൊയ്ത്ത്കാലമായല്ലോ,ഒരുക്കങ്ങളെല്ലാം

തുടങ്ങിയല്ലോ.........

ഇത്സവമൊരുക്കങ്ങൾ തുടങ്ങി

ആനന്ദമാഹ്ലാദം,തെയ്യാരം,

തെയ്യാരം പാടുന്ന കൊയ്ത്തുത്സവം

തുടങ്ങുന്നു.



അൻസു.എം.അനീഷ്

ജി.എച്ച്.എസ് ആര്യാട്, ആലപ്പുഴ

# ജീവചരിത്രക്കുറിപ്പ്

ആർ.രാമചന്ദ്രൻ

കവിയും നിരൂപകനും ഭാഷാപണ്ഡിതനുമായിരുന്ന അർ രാമചന്ദ്രൻ. 1923 മെയ് 28-ന് തൃശ്ശൂർ ജില്ലയിലെ താമരത്തുരുത്തിയിൽ ജനിച്ചു.മലയാള കവതയിലെ ആധുനിക പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തവരിൽ പ്രമുഖനായിരുന്നു.

ശ്യാമസുന്ദരി,പിന്നെ,മുരളി,സാന്ധ്യനികുഞ്ജങ്ങൾ,എന്തിനീയാത്ര എന്നീവയാണ് കവിത സമാഹാരങ്ങൾ.കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചിട്ടുണ്ട്.2005 ആഗസ്റ്റ് 3-ന് നിര്യാതനായി.

# ചോദ്യങ്ങളും ഉത്തരങ്ങളും1.

1.'തോഷിബാ കമ്പനി' ബന്ധപ്പെട്ടിരിക്കുന്ന രാജ്യം?

ജപ്പാൻ

2. കാസ്പിയൻ തടാകം സ്ഥിതിചെയ്യുന്ന ഭൂഖണ്ഡം?

ഏഷ്യ

3 ജൂൺ 5-ന്റെ പ്രാധാന്യം എന്ത്?

ലോക പരിസ്ഥിതി ദിനം

4.ആഗോള ശിശുദിനമായി ആചരിക്കുന്നത് ഏത് ദിവസമാണ്?

നവംബർ 20

5.റുഡ്യാർഡ് കിപ്ലിങ്ങിന്റെ 'ദ ജംഗിൾ ബുക്ക് ' എന്ന കൃതിയിലെ പ്രധാന കഥാപാത്രം?

മൗഗ്ലി

6.അന്താരാഷ്ട്ര അഹിംസാദിനമായി ആചരിക്കുന്നതെന്ന് ?

ഒക്ടോബർ 2

7.ഏറ്റവും വലിയ സംസ്ഥാനം?

രാജസ്ഥാൻ



മാളവിക 7A

ജി.എച്ച്.എസ് ആര്യാട്, ആലപ്പുഴ

# കുസൃതി ചോദ്യം

1.ഉണ്ടപ്പെണ്ണിന് സിൽക്ക് സാരി?

ഉള്ളി

2.വർഷത്തിലൊരിക്കൽ സ്കൂളിലെത്തുന്ന ആനി?

ആനിവേഴ്സറി

3.ആഴവും പരപ്പുമുള്ള ഇംഗ്ലീഷ് അക്ഷരം?

C കടൽ

4.പറക്കുന്ന ഇംഗ്ലീഷ്  അക്ഷരം?

B ഈച്ച

5.കായ്ക്കും മുമ്പേ  വിത്തുണ്ടാവും?

വാഴ.

6.ആയിരം പോലീസുക്കാർക്ക് ഒരു ബെൽറ്റ്?

ചൂല്

7.ഉടുത്താലും ഉടുത്താലും തീരാത്ത തുണി?

ആകാശം



അഭിജിത്ത്   9B

# കുട്ടിക്കാലം

കുട്ടിക്കാലം ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാലമാണ്.ഈ കാലഘട്ടത്തിലുണ്ടാവുന്ന അനുഭവങ്ങൾ ഒരിക്കലും മറക്കാനാവാത്തതാണ്.അതുപോലെതന്നെ ബാക്കിജീവിതത്തിലെ ഗുണപാഠങ്ങളും.

ഒരു കുട്ടി ഈ ഭൂമിയിൽ ജനിച്ചു വീഴുമ്പോൾ ഇവിടെ അവന് സ്വർഗം ആയിരിക്കും.അവൻ വിഷമങ്ങളിൽ

നിന്നും,സഹതാപങ്ങളിൽ നിന്നും അങ്ങനെ അനേകം തരത്തിലുള്ള വികാരങ്ങളിൽ നിന്നും വിമുക്തനായിരിക്കും ,അവൻ കള്ളം,ചതി,വഞ്ചന എന്നീ വീഷയങ്ങളെപ്പറ്റി ഒരു അറിവുമുണ്ടായിരിക്കില്ല. അങ്ങനെ കുട്ടികാലം ഒരു മനുഷ്യന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാലമായി മാറുന്നു.



പ്രണയ് കെ പ്രദീപ്

ജി.എച്ച്.എസ് ആര്യാട്, ആലപ്പുഴ

# ചാകര

മാനം കറുത്തു കടലാകെ നിശബ്ദമായി
മഴയുടെ വരവ് കാത്ത് നിൽക്കുന്നു.
പ്രതീക്ഷയുടെ മുളപൊട്ടി ഇതാ
മത്സ്യതൊഴിലാളി മനസ്സിൽ തളിരാകുന്നു.

മഴയും കാ്ത്തിരുന്ന ഇതാ
മഴ വന്നു ചേര്ന്നിരിക്കുന്നു.
സമുദ്രമെങ്ങും ഉത്സവമായി
ഇത് മഴയല്ല ഇവരുടെ ജീവിതമാണ്.

പങ്കായവുമെടുത്ത് കടലിൽ പോകുന്ന തൊഴിലാളികൾ
വീണ്ടും ഒരു നല്ലകാലത്തിൻറെ തുടക്കം.
വീണ്ടും പ്രതീ& നെയ്തുകൂട്ടുന്നു കുടുംബങ്ങൽ
അവരുടെ വരവിനായി



ചാക വന്നു ഇതാ ചാകരയെത്തി
എന്ന മനുഷ്യൻറെ ആർപ്പുവിളി
ഇതു കേട്ടടുത്തു സകല ജനങ്ങളും
ഇതു കേട്ടടുത്തു സകല ജനങ്ങളും

അനശ്വര.എസ്

ജി.എച്ച്.എസ് ആര്യാട്, ആലപ്പുഴ

# കെ. ടി മുഹമ്മദ് (1927-2008)

മഞ്ചേരിയിൽ ജനിച്ചു. പ്രവർത്തന രംഗം കോഴിക്കോട്ടായിരുന്നു.
നാടകരംഗത്തുനിരന്തരമായി പരീക്ഷണങ്ങൾ നടത്തി, തൻറേതായി ഒരു ശൈലി രൂപപ്പെടുത്തിയ നാടകക്കാരൻ. കെ.ടി എന്ന രണ്ടക്ഷരത്തിലൂടെ അറിയപ്പെടുന്ന ഇദ്ദേഹത്തിൻറെ നടാകങ്ങളിലധികവും മനുഷ്യനന്മയ്ക്ക വേണ്ടിയുള്ള അന്വേഷണങ്ങളാണ്. കേരള സംഗീത-നാടക അക്കാദമി പുരസ്കാരം ലഭിച്ചിട്ടുണ്ട്. ഊരും പേരും, ഇതുഭൂമിയാണ് കാഫർ, നാൽക്കവല അസ്ഥിവാരം, മേഘസന്ദേശം, വെളിച്ചം വിളക്കന്വേഷിക്കിക്കുന്നു., ചുവന്ന ഘടികാരം, അപരിചിതലൻ, കടൽപ്പാലം, ഉറക്കാത്ത വാതിൽ സംഗമം, സൃഷ്ടി-സ്ഥിതി-സംഹാരം, സാക്ഷാത്ക്കാരം, ദീപസ്തംഭം മഹാശ്ചര്യം, തുടങ്ങിയ നാടകങ്ങളും, മാസംപുഷ്പങ്ങൾ എന്ന നോവലും കണ്ണുകൾ, ചിരിക്കുന്ന കത്തി എന്നീ കഥകളും കണ്ടംബെച്ചകോട്ട്, അച്ഛനും ബാപ്പയും, കടൽപ്പാലം, രാജഹംസം മുതലായ തിരക്കഥകളും രചിച്ചിട്ടുണ്ട്.



നിഷാന്ത് (7,A)

പ്രകൃതിയുമായി ബന്ധപ്പെട്ട ചോദ്യങ്ങളും
ഉത്തരങ്ങളും

ചോദ്യങ്ങൾ

1. ഉറുമ്പുകൾ ഇല്ലാത്ത ഭൂഖണ്ഡം?
2. ചിരിക്കുന്ന മത്സ്യം ഏത്?
3. ആഴത്തിൽ നീന്താൻ കഴിവുള്ള പക്ഷി ഏത്?
4. ഏറ്റവും വലിയ ഔഷധി?
5. ലോകവനദിനം എന്നാണ്?
6. മാവിൻറെ ജന്മരാജ്യം ഏത്?
7. മഞ്ഞപ്പിത്തിന് ഉത്തമ ഔഷധമായി പരിഗണിക്കുന്ന സസ്യം ഏത്?
8. നഖമുണ്ടെങ്കിലും വിരലില്ലാത്ത ജന്തു?
9. ഏലം ബോർഡിന്റെ ആസ്ഥാനം?
10. കേരളത്തിൻെറ നെതർലാൻഡ് എന്നറിയപ്പെടുന്ന സ്ഥലം?

ഉത്തരങ്ങൾ

1. അൻാർട്ടിക്ക
2. ഡോൾഫിൻ
3. പെൻഗ്വിൻ
4. വാഴ
5. മാർച്ച്
6. ഇന്ത്യ
7. കീഴാൽനെല്ലി
8. ആന
9. കോട്ടയം
10. കോട്ടയം



സൻജന ഷാജി 7A

ജി.എച്ച്.എസ് ആര്യാട്, ആലപ്പുഴ

# മടിയൻ കുട്ടൻ


ഒരു പട്ടണത്തിൽ കുട്ടൻ എന്ന പേരുള്ള ഒരു കുട്ടിയുണ്ടായിരുന്നു. അവൻ എന്നും വൈകിയാണ് ഉണരുക. കുളിക്കാനും ഉണ്ണാനും സ്കൂളിൽ പോകാനും അവൻ എന്നും വൈകും. സ്കൂളിൽ വൈകിയെത്തുന്നതിന് അധ്യാപകൻ അവനെ വഴക്കുപറയും. അമ്മയും അച്ഛനും ശകാരിച്ചിട്ടും കുട്ടന്റെ ദുശ്ശീലം മാറിയില്ല. അങ്ങനെയിരിക്കെ സ്കൂളിൽ നിന്നും മൈസൂറിലേയ്ക്ക് ഒരു വിനോദയാത്രയ്ക്ക് പരിപാടിയിട്ടു. അതിന് കുട്ടൻ പേര് കൊടുത്തു. കുട്ടാ നേരത്തേ വന്നില്ലെങ്കിൽ നിന്നേ കൂട്ടാതെ ഞങ്ങൾ പോകും അധ്യാപകർ കുട്ടനോട് പറഞ്ഞു. പക്ഷേ കുട്ടൻ പതിവുപോലെ ടൂറിൻറെ ദിവസവും വൈകിയാണ് ഉണർന്നത്. കുളിയും ഊണും കഴിഞ്ഞപ്പോൾ മണി എട്ടായി. എട്ടുമണിക്ക് സ്കൂളിൽ എത്തണമാണ് പറഞ്ഞിരുന്നത്. കുട്ടൻ സ്കൂളിൽ ചെന്നപ്പോൾ അവിടെ ആരും ഉണ്ടായിരുന്നില്ല. എല്ലാവരും ബസ്സിൽ കയറി മൈസൂരിലേയ്ക്ക് തിരിച്ചുകഴിഞ്ഞിരുന്നു. നേരം വൈകിയതിൻറെ നഷ്ടം അവൻ മനസ്സിലാക്കി. അന്നുമുതൽ അവൻ നേരത്തെ എഴുനേൽക്കാൻ അവൻ തീരുമാനമെടുത്തു.



ജയപാലൻ

# വികൃതിക്ക് പറ്റിയ പറ്റ്

മഹാവികൃതിയായിരുന്ന ചക്കി എന്ന നായക്കുട്ടൻ. വീട്ടിലെ വളർത്തുപൂച്ചയായി അമ്മുവിനെ അവൻ എപ്പോഴും ഉപദ്രവിക്കും. സഹികെട്ട് അമ്മു ഒരു ദിവസം തീരുമാനിച്ചു ചക്കിയെ ഒരു പാഠം പഠിപ്പിക്കണം. അമ്മു ഒരു ഉരുളൻ കല്ലെടുത്ത് അതിൽ ശർക്കരയുടെ നിറത്തിലുള്ള ചായം പൂശി. എന്നിട്ട് അതുമായി ചക്കികാണുന്നിടത്ത് ചെന്നിരുന്നു. ഹും എന്താടാ കൈയിൽ ശർക്കരയോ? ഇങ്ങോട്ട് താ ചക്കി അത് തട്ടിപ്പറിച്ചു. അതിൽ ഒറ്റക്കടി . ക്ടും  ചക്കിയുടെ പല്ല് ഒടിഞ്ഞു. നാണിച്ചുപൊയ ചക്കി ഒറ്റയോട്ടം. പീന്നീട് ഒരിക്കലും അവൻ അമ്മുവിനെ ഉപദ്രവിച്ചിട്ടില്ല.



മുഹമ്മദ് അമീൻ എൻ

ജി.എച്ച്.എസ് ആര്യാട്, ആലപ്പുഴ

# അമ്മ

ഞാൻ ആദ്യമായി കണ്ണുതുറക്കെ
കണ്ടനന്മുഖം എൻ അമ്മ
ഞാൻ പിച്ചവെയ്ക്കുന്പ ൾ നിലത്തുവീഴാതെ
എന്നെ പുണരുമെൻ അമ്മ
എൻറ കുസൃതികളിൽ എന്നെ
ശാകാരിക്കുകയും അത് പിന്നിൽ നിന്ന്
ആസ്വദിക്കുകയും ചെയ്യുമെൻ അമ്മ
എന്തിനും കൈത്താങ്ങായി നിൽക്കുമെൻഅമ്മ
എൻ ധൈര്യം എൻ അമ്മ



അൽഫാസ്

ജി.എച്ച്.എസ് ആര്യാട്, ആലപ്പുഴ

തെയ്യം

ഉത്തരകേരളത്തിലെ കാവുകളിൽ നടത്തപ്പെടുന്ന ഒരു അനുഷ്ഠാന കലയാണ് തെയ്യം. ദൈവം എന്ന പദത്തിന്റെ തദ്ഭവമാണ് തെയ്യം എന്നത്. ദൈവങ്ങളായാണ് തെയ്യങ്ങളെ ജനം ആരാധിക്കുന്നത്. തെയ്യം ഉത്തര കേരളത്തിലെ  ജനജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. കാവുകൾക്കുപുറമേ വഴിപാടായി തെയ്യം നടത്താറുണ്ട്. കേരളത്തിലെ നാടൻ കലകളിൽ പ്രഥമഗണനീയമായ സ്ഥാനമാണ് തെയ്യത്തിന് ലഭിച്ചത്. അത് സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം കൊണ്ടുമാത്രമല്ല, എല്ലാ കലകളുടേയും അസാധാരണമായ ചേരുവയാണ് എന്നത് കൂടിയതുകൊണ്ടാണ്.

നന്ദിത

## വിദ്യാഭ്യാസത്തിൻറെ ഹൈടെക് നിലവാരം

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസരംഗത്ത് ഹൈടെക് പരിഷ്കാരങ്ങൾ വിജയം കണ്ടുകൊണ്ടിരിക്കുന്ന ഈ കാലത്ത് ലിറ്റിൽ കൈറ്റ്സിൻറ നേതൃത്വത്തിൽ ജനുവരി പത്തൊൻപതിന് ഒരു ഡിജിറ്റൽ മാഗസിൻ പ്രകാശനംചെയ്യുന്ന വിവരം സന്തോഷത്തോടുകൂടിയാണ് നാം സ്വീകരിച്ചത്. നമ്മൾ ക്ലാസ്സ് മുറികൾ സാങ്കേതികമായി മികവിലേയ്ക്ക് എത്തിയിരിക്കുന്നുവെന്ന് ഈ പ്രവർത്തനം സൂചിപ്പിക്കുന്നത്. പുതിയ ലിറ്റിൽ കൈറ്റ് കുട്ടികൾ ഇത്തരം പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കാൻ കഴിവുള്ളവരാണ്. അവരെ നയിക്കുന്ന കൈറ്റ്മിസ്ട്രസ്സിനും മാസ്റ്റർക്കും കുട്ടികൾക്കും  എല്ലാത്തിനും ചുക്കാൻ പിടിക്കുന്ന ഹെഡ്മിസ്ട്രസ്സിനും എല്ലാ വിധ ആശംസകളും നേരുന്നു.



സ്റ്റാലിൻ കെ ജെ (എസ് ഐ റ്റി. സി)

മാർട്ടിൻ ലൂതർ കിംങ് ജൂനിയർ

അമേരിക്കൻ കറുത്തവർക്കാർക്ക് പൗരാവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടി പ്രവർത്തിച്ച പ്രധാനനേതാക്കളിൽ ഒരാളാണ് മാർട്ടിൻലൂതർകിംങ് ജൂനിയർ. ജനുവരി ന് അറ്റലാൻറയിലാണ് അദ്ദേഹം ജനിച്ചത്. ൽ  ഇരുപത്തി നാലാമാത്തെ വയസ്സിൽ അദ്ദേഹം അലബാമ സംസ്ഥാനത്തിലെ മൗണ്ട് ഗോമറിയിലെ ഡക്സ്റ്റർ അവന്യൂ ബപ്പറ്റിസ്റ്റ് പള്ളിയിൽ പാസ്റ്ററായി.

ൽ ലെ മോണ്ട് ഗോമറിബസ് ബഹിഷ്കരണ സമരത്തിന് നേതൃത്വം നൽകിയത് കിംങ് ആണ് . വർണവിവേചനത്തിനെതിരെയുള്ള സമരം ൽ സമാധാനത്തിനുള്ള നോബൽസമ്മാനം നേടിക്കൊടുത്തു. അന്ന് ഈ പുരസ്കാരത്തിന് അർഹനാകുന്ന ഏറ്റവും പ്രായംകുറഞ്ഞ വ്യക്തിയായിരുന്ന കിംങ്. ൽ ഏപ്രിൽ നാലിന് ടെന്നസി സംസ്ഥാ്നത്തിലെ മെംഫിസ് നഗരത്തിലെ ലൊറേൻ മോട്ടലിൽവെച്ച് ജയിംസ് ഏൾറേ എന്ന വെള്ളക്കാൻറെ വെടിയേറ്റ് മരണമടഞ്ഞു.

അർഷാന

## കടപ്പാട്

ഈ ഡിജിറ്റൽ മാഗസിൻ യാഥാർത്ഥ്യമാക്കിയ ആര്യാട് ഗവ.ഹൈസ്കൂളിലെ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും ഞങ്ങൾക്ക് മാർഗനിർദേശങ്ങൾ നൽകിയ റഹിം സാറിനും ജീനടീച്ചർക്കും പ്രഥമാധ്യാപിക മേരിമ്മടീച്ചറിനും നന്ദി.............



ജയപാലൻ
(ലിറ്റിൽ കൈറ്റ്സ് ലീഡർ)